WEDNESDAY 26.07.2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-26/07/2023.

1. സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ അതിരപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ ആദിവാസി വിഭാഗത്തിൽപെടുന്ന ജനവിഭാഗത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സമഗ്രവികസനം ലക്ഷ്യമാക്കിയും കൃഷി അടിസ്ഥാനമാക്കി നടപ്പിലാക്കുന്ന പദ്ധതിയാണ് അതിരപ്പിള്ളി ട്രൈബൽ വാലി കാർഷിക പദ്ധതി. ഈ മേഖലയിലെ ആദിവാസി വിഭാഗത്തിന്റെ കാർഷിക അഭിവൃദ്ധിക്കും അവർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങളും, സംഭരിക്കുന്ന വനവിഭവങ്ങളും ശേഖരിച്ചു മൂല്യവർദ്ധനവ് നടത്തി അതിരപ്പിള്ളി എന്ന ബ്രാൻഡിൽ ഗുണഭോക്താവിന് വിപണിയിൽ ലഭ്യമാകുന്നത്തിനായി ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ ഭാഗമായി ആദിവാസി കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങളും വനവിഭവങ്ങളും സംസ്കരിക്കുന്നതിനും മൂല്യവർദ്ധനം നടത്തുന്നതിനുമായുള്ള സെൻട്രൽ പ്രോസസ്സിംഗ് യൂണിറ്റിന്റെ നിർമാണം അതിരപ്പിള്ളി ചിക്ളായിൽ പൂർത്തീകരിച്ചു. ഈ മൂല്യവർദ്ധന ഫാക്ടറിയുടെ ഉദ്ഘാടനം ചാലക്കുടി എം.എൽ.എ സനീഷ് കുമാർ ജോസഫിന്റെ അധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നാളെ (ജൂലൈ 27) രാവിലെ 11 മണിക്ക് അതിരപ്പിള്ളി ഗ്രാമപഞ്ചായത് കമ്മ്യൂണിറ്റി ഹാൾ, അരൂർമുഴിയിൽ വച്ച് നിർവഹിക്കുന്നു.

2. കല്ലിയൂർ കൃഷിഭവനിൽ WCT ഇനത്തിൽപ്പെട്ട തെങ്ങിൻെ തൈകൾ ഇപ്പോൾ ലഭ്യമാണ് വില ഒന്നിന് 50 രൂപ മാത്രം . ആവശ്യമുള്ള കർഷകർ തന്നാണ്ടിലെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ് കൂടി കൊണ്ടുവരേണ്ടതാണ്

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ ബാങ്കിംഗ് & മാനേജ്മെന്റിൽ 2023-24 അധ്യയനവർഷത്തെ എംബിഎ (അഗ്രി. ബിസിനസ് മാനേജ്മെൻറ്) കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള പ്രവേശനത്തിനായി പുനർവിജ്ഞാപനം പുറപ്പെടുവിച്ചു. കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാലയുടെ വെബ്സൈറ്റ് www.admissions.kau.in സന്ദർശിക്കുക അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 14.08.2023.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. റബ്ബറിന്റെ മണ്ണും ഇലയും പരിശോധിച്ചുള്ള വളപ്രയോഗത്തെക്കുറിച്ച് അറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ സയന്റിസ്റ്റ് ഇന്ന് (ജൂലൈ 26) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ മറുപടി നൽകുന്നതാണ്. താൽപര്യമുള്ളവർ 04812576622 എന്ന കോൾസെന്റർ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപനത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ ഇന്ന് "**ശുദ്ധജല മത്സ്യ കൃഷി**" എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0487 2370773 എന്ന നമ്പരിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2023 ആഗസ്റ്റ് 02 മുതൽ 14 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർ ആഗസ്റ്റ് 01 ന് വൈകിട്ട് 5 മണിക്ക് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കായിരിക്കും അവസരം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, 0471 2440911 എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഈ മാസം 28 ന് (28.07.2023) ജൈവകൃഷി എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

8. വെള്ളായണി കാര്ഷിക കോളേജിൽ പൂന്തോട്ട നിർമ്മാണം, നഴ്സറി പരിപാലനം, സൂക്ഷ്മ ജലസേചനം എന്നീ വിഷയങ്ങളിൽ ഈ മാസം 27,29 (ജൂലൈ 27, 29) തീയതികളിലായി ദ്വദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 600 രൂപ. രാവിലെ 10 മുതൽ വൈകുന്നേരം 4 വരെയാണ് പരിശീലന സമയം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റും നഴ്സറി നിർമാണത്തെ കുറിച്ചുള്ള പുസ്തകവും നൽകുന്നതാണ്. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 8606631545

എന്ന നമ്പരിലേക്ക് വിളിക്കുകയോ പേരും ഫോൺ നമ്പരും വാട്ട്സ്ആപ്പ് സന്ദേശം അയച്ചോ പേര് രജിസ്ട്രർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9495118208 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

9. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് 07.08.2023 മുതൽ 11.08.2023 വരെ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ **ക്ഷീരകർഷകർക്കായി ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20/-രൂപ. ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനപരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ 03.08.2023ന് വൈകുന്നേരം 5 മണിക്ക് മുൻപായി നേരിട്ടോ dd-dtc-kkd.dairy@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലോ 0495- 2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് .

10. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് മാസം 3 ന് വാണിജ്യ അടിസ്ഥാനത്തിലുള്ള അച്ചാർ നിർമ്മാണം 10 ന് പൂന്തോട്ട പരിപാലനവും ലാൻഡ്സ്കേപ്പിങ്ങും 22ന് അക്വാപോണിക്സ് ബയോഫ്ലോഗ് മത്സ്യകൃഷി രീതികൾ 24ന് ചിപ്പി കൂൺ കൃഷി എന്നീ വിഷയങ്ങളിൽ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനഫീസ് 550 രൂപ. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ 0487 2370773 എന്ന നമ്പറിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം